**മധുരമായ കുട്ടികളേ - ജ്ഞാനത്തിന്റെ ബുൾബുളായി മാറി ദിവസം മുഴുവനും ജ്ഞാനത്തെക്കുറിച്ച് ശബ്ദിച്ചുകൊണ്ടിരിക്കൂ. എങ്കിൽ ലൗകിക-പാരലൗകിക മാതാ-പിതാവിനെ ഷോ ചെയ്യാൻ സാധിക്കും.**

**ചോദ്യം:-** പറയാറുണ്ട്- 'സ്വയം കടയുകയാണെങ്കിൽ ലഹരി വർദ്ധിക്കും' ഇതിന്റെ ഭാവാർത്ഥമെന്താണ്?
**ഉത്തരം:-** സ്വയം കടയുക അർത്ഥം, ബുദ്ധിയോഗം അവിടേയും ഇവിടേയും അലയിപ്പിക്കാതെ ഒരു ബാബയെ ഓർമ്മിക്കുക. ഒരു ബാബയുടെ ഓർമ്മ ബുദ്ധിയിലുണ്ടെങ്കിൽ ലഹരി വർദ്ധിക്കും. പക്ഷേ ഇതിൽ ദേഹാഭിമാനം വളരെ വിഘ്നങ്ങളുണ്ടാക്കും. കുറച്ച് അസുഖം വന്നാൽ അസ്വസ്ഥമാകും, മിത്ര സംബന്ധികളെ ഓർമ്മ വരും, അതുകൊണ്ട് ലഹരി വർദ്ധിക്കില്ല. ഓർമ്മയിലിരിക്കുന്നു എങ്കിൽ വേദനയും കുറയും.

**ഗീതം:-** നിങ്ങൾ രാത്രി ഉറങ്ങി നഷ്ടമാക്കി.....

**ഓം ശാന്തി** - ഈ എല്ലാ കാര്യങ്ങളും ശാസ്ത്രങ്ങളിലും എഴുതിയിട്ടുണ്ട്. പരസ്പരം മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നു. അനേക പ്രകാരത്തിലുള്ള ഉപദേശങ്ങൾ ഗുരുക്കന്മാർ കൊടുക്കുന്നുണ്ട്. വളരെ നല്ല നല്ല ഭക്തർ കുടിലുകളിൽ ഇരുന്ന്, ഗോമുഖസഞ്ചിക്കുള്ളിൽ കൈ വെച്ച് മാല ജപിക്കുന്നു. ഇതും പഠിപ്പിച്ചുകൊടുത്ത ഒരു ഫാഷനാണ്. ഇപ്പോൾ ബാബ പറയുകയാണ് ഇതെല്ലാം ഉപേക്ഷിക്കൂ. ആത്മാവിന് ഓർമ്മിക്കേണ്ടത് ബാബയെയാണ്. ഇതിൽ മാല ജപിക്കേണ്ട ആവശ്യമില്ല. ഏറ്റവും നല്ല ഗീതമാണ് ശിവായ നമ. ഇതിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും മാതാപിതാവിനെ. ഭഗവാനെയാണ് പറയുന്നത് രചയിതാവായ ബാബയെന്ന്. ഇപ്പോൾ രചയിതാവ് പറയുന്നു എന്തിനെയാണ് രചിക്കുന്നത്? പുതിയ ലോകത്തിന്റെ രചന നടത്തുന്നു. പാടാറുണ്ട്, അങ്ങ് മാതാപിതാവാണ് ഞങ്ങൾ ബാലകരാണ്......അപ്പോൾ തന്നെ മനസ്സിലായി എല്ലാവരുടേയും പിതാവാണ് ഈശ്വരൻ. പിതാവുണ്ടെങ്കിൽ തീർച്ചയായും മാതാവും വേണം. മാതാവില്ലാതെ രചന നടത്താൻ സാധിക്കില്ല. ആരും അറിയുന്നില്ല എങ്ങനെയാണ് രചന നടത്തുക? രണ്ടാമത്തേത്, എല്ലാവരും പരസ്പരം സഹോദരങ്ങളായി പിന്നീട് വികാരത്തിന്റെ ദൃഷ്ടി ഉണ്ടാകില്ല. ഒരു മാത്പിതാവാണല്ലോ. ഈ പോയിന്റ് വളരെ നല്ലതാണ് മനസ്സിലാക്കാനും മനസ്സിലാക്കിക്കൊടുക്കുന്നതിനും വേണ്ടി. മൂന്നാമത്തേത് - തീർച്ചയായും ബാബ സൃഷ്ടി രചിച്ചിട്ടുണ്ടാകും. നമ്മൾ ബാലകരായിരുന്നു, ഇപ്പോൾ വീണ്ടും ആയിരിക്കുന്നു. 84 ജന്മത്തിന്റെ ചക്രം പൂർത്തിയാക്കിയതിനു ശേഷം വീണ്ടും മാത്പിതാവിന്റേതായി മാറിയിരിക്കുകയാണ്. ഇതാണ് ഭക്തിമാർഗ്ഗത്തിലെ മഹിമ. മാത്പിതാവാണ് സൃഷ്ടി രചിക്കുന്നത്, കുട്ടികളായി മാറുമ്പോൾ അളവില്ലാത്ത സുഖം ലഭിക്കുന്നു. ഇതാരും അറിയുന്നില്ല പരമാത്മാവ് മാത്പിതാവായി മാറുന്നു. ടീച്ചറുമാണ് സത്ഗുരുവുമാണ്. നമ്മൾ ബ്രഹ്മാവിന്റെ വംശാവലികൾ പരസ്പരം സഹോദരീ സഹോദരന്മാരാണ്. പറയാറുണ്ടല്ലോ ബ്രഹ്മാകുമാരനെന്നും കുമാരിമാരെന്നും, അവരുടെ രചന നടത്തുന്നതും ബാബയാണ്. അളവില്ലാത്ത സുഖം പ്രാപ്തമാക്കുന്നതിനുവേണ്ടി മാതാപിതാവിലൂടെ രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. അളവറ്റ സുഖം ലഭിക്കുന്നത് അപ്പോഴാണ് എപ്പോഴാണോ നാം ദുഖത്തിലാകുന്നത്. ഭാവിയിൽ സുഖത്തിന്റെ ലോകത്തിൽ ബാബ നമ്മളെ പഠിപ്പിക്കുന്നില്ല. എപ്പോഴാണോ നാം ദുഖത്തിലാകുന്നത്, അപ്പോഴാണ് സുഖത്തിലേക്ക് പോകാനുള്ള പഠിപ്പ് ലഭിക്കുന്നത്. അതേ മാതാപിതാ വന്ന് സുഖം നൽകുന്നു. ആദം ഹവ്വ പ്രസിദ്ധമാണല്ലോ. അവരും ഈശ്വരന്റെ സന്താനങ്ങളാണ്. ആരാണ് ഈശ്വരൻ?

കുട്ടികൾക്കറിയാം ബാബ നോളേജ് എന്താണോ നൽകുന്നത്, അത് എല്ലാ ധർമ്മത്തിലുള്ളവർക്കും വേണ്ടിയാണ്. മുഴുവൻ ലോകത്തിന്റേയും ബുദ്ധിയോഗം ബാബയിൽനിന്ന് മുറിഞ്ഞു. മായ ചെകുത്താൻ ബുദ്ധിയോഗം വെക്കാൻ സമ്മതിക്കില്ല. വീണ്ടും ബുദ്ധിയോഗത്തെ മുറിക്കും. ബാബ വന്ന് ചെകുത്താന്റെ മേൽ വിജയം നേടിത്തരുന്നു. ഇന്ന് ലോകത്തിൽ രിദ്ധി സിദ്ധിയുള്ളവർ ധാരാളമാണ്. ഇതാണ് ചെകുത്താന്റെ ലോകം. കാമവികാരമാകുന്ന ചെകുത്താൻ പരസ്പരം ആദി മദ്ധ്യ അന്ത്യം ദുഖം നൽകുന്നു. പരസ്പരം ദുഖം കൊടുക്കുന്ന ജോലി ചെകുത്താന്റേതാണ്. സത്യയുഗത്തിൽ ചെകുത്താനില്ല. ബാബ മനസ്സിലാക്കിത്തന്നു ചെകുത്താൻ എന്ന പേര് ബൈബിളിലാണ് ഉള്ളത്. രാവണൻ അർത്ഥം ചെകുത്താൻ. ഇത് ചെകുത്താന്റെ രാജ്യമാണ്. സത്യയുഗത്തിൽ രാമരാജ്യത്തിൽ ചെകുത്താനില്ല. അവിടെ അളവില്ലാത്ത സുഖമാണ്. ഓം നമശിവായ ഗീതം വളരെ നല്ലതാണ്. ശിവനാണ് മാതാവും പിതാവും. ബ്രഹ്മാ വിഷ്ണു ശങ്കരനെ മാത്പിതാവെന്ന് പറയില്ല. ശിവനെ പിതാവെന്ന് പറയും. ആദം ഹവ്വാ അർത്ഥം ബ്രഹ്മാ സരസ്വതി ഇവിടെ

യാണ് ഉള്ളത്. ക്രിസ്ത്യാനികളും ഗോഡ് ഫാദറിനെ പ്രാർത്ഥിക്കുന്നു. ഈ ഭാരതം മാത്പിതാവിന്റെ ഗ്രാമമാണ്. ബാബയുടെ ജന്മം ഇവിടെയാണ്. മനസ്സിലാക്കിക്കൊടുക്കണം. അങ്ങ് മാതാപിതാവെന്ന് പാടുമ്പോൾ പരസ്പരം സഹോദരങ്ങളായി മാറിയില്ലേ? പ്രജാപിതാ ബ്രഹ്മാവിലൂടെയാണ് രചന നടത്തുന്നത്. ദത്തെടുക്കുന്നു. സരസ്വതിയേയും ദത്തെടുത്തതാണ്. പ്രജാപിതാ ബ്രഹ്മാവ് ദത്തെടുത്തു, അപ്പോഴാണ് ഇത്രയും ബ്രഹ്മാകുമാരന്മാരും കുമാരിമാരും ഉണ്ടായത്. ശിവബാബ ദത്തെടുപ്പിച്ചുകൊണ്ടേയിരിക്കുകയാണ്. പുതിയ സൃഷ്ടി ബ്രഹ്മാവിലൂടെയാണ് രചിക്കുന്നത്. മനസ്സിലാക്കിക്കൊടുക്കാൻ വളരെയധികം യുക്തികളുണ്ട്. പക്ഷേ പൂർണ്ണമായും മനസ്സിലാക്കിക്കൊടുക്കുന്നില്ല. ബാബ വളരെയധികം പ്രാവശ്യം പറഞ്ഞുതന്നു ഓം നമശിവായ എന്ന ഗീതം അവിടെ ഇവിടെയും കേൾപ്പിക്കൂ. നമ്മൾ മാതാപിതാവിന്റെ കുട്ടികളായി എങ്ങനെ മാറുന്നു? മനസ്സിലാക്കിക്കൊടുക്കണം. ബ്രഹ്മാവിലൂടെയാണ് പുതിയ സൃഷ്ടി ഉണ്ടാകുന്നത്. ഇപ്പോൾ കലിയുഗത്തിന്റെ അവസാനമാണ് വീണ്ടും സത്യയുഗത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുന്നു. ബുദ്ധിയിൽ ധാരണ ചെയ്യണം. നോളേജ് വളരെ സഹജമാണ്. മായ കൊടുങ്കാറ്റ് ജ്ഞാനയോഗത്തിൽ വിഘ്നങ്ങളുണ്ടാക്കും. ബുദ്ധി കറങ്ങിക്കൊണ്ടേയിരിക്കും. എല്ലായ്പ്പോഴും മനസ്സിലാക്കിക്കൊടുക്കണം. ഭഗവാൻ രചയിതാവ് എല്ലാവർക്കും ഒന്നാണ്. എല്ലാവരും പിതാവെന്ന് പറയുന്നുണ്ടല്ലോ. ബാബ നിരാകാരനായതിനാൽ ജനനമരണമില്ല. ബ്രഹ്മാവിഷ്ണു ശങ്കരനും സൂക്ഷ്മമായ ശരീരമുണ്ട്. മനുഷ്യർ 84 ജന്മങ്ങൾ ഇവിടെയെടുക്കുന്നു. സൂക്ഷ്മവതനത്തിൽ ജന്മങ്ങളില്ല. നിങ്ങൾക്കറിയാം നമ്മൾ മാതാപിതാവിന്റെ കുട്ടികളാണ്. നമ്മൾ പുതിയ കുട്ടികളാണ്. ബാബ ദത്തെടുത്തതാണ്. പ്രജാപിതാ ബ്രഹ്മാവുണ്ടെങ്കിൽ എത്ര പ്രജകളുണ്ടാകും. തീർച്ചയായും ദത്തെടുത്തതാണ്. ബ്രഹ്മാവിന് അനേകഭുജങ്ങൾ കാണിച്ചിരിക്കുന്നു. അർത്ഥമൊന്നും അറിയില്ല. എന്തെല്ലാം ചിത്രങ്ങളുണ്ടോ ശാസ്ത്രങ്ങളുണ്ടോ ഇതെല്ലാം ഡ്രാമയുടെ ആധാരത്തിൽ ഉണ്ടാക്കപ്പെട്ടതാണ്. ബ്രഹ്മാവിന്റെ പകൽ ഉണ്ടായിരുന്നു പിന്നീട് ഭക്തിമാർഗ്ഗം ആരംഭിച്ചു, ഈ രാജയോഗം ബാബയാണ് വന്ന് പഠിപ്പിക്കുനന്ത് ഇത് സ്മൃതിയിലുണ്ടായിരിക്കണം.

പറയാറില്ലേ തന്റെ സ്ഥിതിയുടെ ലഹരിയിലിരിക്കുക. പക്ഷേ ബുദ്ധിയോഗം ബാബയോടൊപ്പമായിരിക്കണം. ഇവിടെ വളരെയധികം പേരുടേയും ബുദ്ധിയോഗം അലയാറുണ്ട്. പഴയ ലോകത്തിലെ മിത്രസംബന്ധികളുടെ അടുത്തേക്ക് പോകും. അല്ലായെങ്കിൽ ദേഹാഭിമാനത്തിൽ കുടുങ്ങും. കുറച്ച് അസുഖം ഉണ്ടാകുമ്പോഴേക്കും, അസ്വസ്ഥമാകും. യോഗത്തിലിരിക്കൂ എങ്കിൽ വേദന കുറയും. യോഗം ഇല്ലായെങ്കിൽ എങ്ങനെ രോഗത്തിൽനിന്നും മുക്തമാകും? ചിന്തിക്കണം , ആരാണോ നമ്പർ 1 പാവനമായി മാറുന്ന മാതാപിതാവ്, അവർ തന്നെയാണ് വീണ്ടും താഴേത്തട്ടിൽ തന്നെ വരുന്നത്. അവർക്ക് കൂടുതൽ അനുഭവിക്കേണ്ടിവരുന്നു. പക്ഷേ യോഗത്തിലിരിക്കുന്നതു കാരണം രോഗങ്ങൾ വിട്ടുപോകുന്നു. അല്ലായെങ്കിൽ ഇവർക്ക് കൂടുതൽ അനുഭവിക്കേണ്ടിവരും. പക്ഷേ യോഗബലത്തിലൂടെ ദുഖം ദൂരെയാകും. വളരെ സന്തോഷത്തിലിരിക്കും – ബാബയിൽനിന്നും നാം സ്വർഗ്ഗത്തിന്റെ അളവില്ലാത്ത സുഖം എടുക്കുകയാണ്. വളരെയധികം കുട്ടികളും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നില്ല. മുഴുവൻ ദിവസവും ദേഹത്തിലേക്കാണ് ശ്രദ്ധ.

ബാബ വന്ന് ജ്ഞാനം ശബ്ദിക്കാൻ പഠിപ്പിക്കുകയാണ്. നിങ്ങൾ ജ്ഞാനത്തിന്റെ രാപ്പാടികളായി മാറണം. പുറത്ത് വളരെ നല്ല നല്ല ചെറിയ പെൺകുട്ടികളുണ്ട്, ജ്ഞാനം ശബ്ദിച്ചുകൊണ്ടിരിക്കുന്നവർ. ഭീഷ്മപിതാമഹനുപോലും കുമാരിമാരിലൂടെയാണ് ജ്ഞാനം കിട്ടിയത്. ചെറിയ ചെറിയ കുട്ടികൾ എഴുന്നേൽക്കണം. ചെറിയ കുട്ടികൾ ലൗകിക– പാരലൗകിക മാതാപിതാക്കളെ ഷോ ചെയ്യണം. ലൗകിക മാതാ പിതാവിനെ പോലും ഉയർത്തണം. ഇതും നിങ്ങൾ കാണും ചെറിയ പെൺകുട്ടികൾ മാതാപിതാക്കളെ എഴുന്നേൽപ്പിക്കും. കുമാരിമാർക്ക് മാന്യതയുണ്ടാകും. കുമാരിമാരെ എല്ലാവരും നമിക്കും. ശിവശക്തി സേനകളെല്ലാവരും കുമാരിമാരാണ്. മാതാക്കളാണെങ്കിലും ഇപ്പോൾ കുമാരിയാണല്ലോ. നല്ല നല്ല കുമാരികൾ ഇനിയുണ്ടാകും. ചെറിയ പെൺകുട്ടികൾ ഷോ ചെയ്യും. പക്ഷേ ചിലർക്ക് വളരെ മോഹമാണ്. ഈ മോഹം വളരെ മോശമാകുന്നു. ഇതും ഒരു ഭൂതമാണ് ബാബയിൽനിന്ന് മുഖം തിരിപ്പിക്കും. ചെകുത്താൻ മായയുടെ ജോലിയാണ് പരംപിതാ പരമാത്മാവിൽനിന്നും മുഖം തിരിപ്പിക്കും.

ഈ ഓം നമശിവായ ഗീതം വളരെ നല്ലതാണ്. ഇതിലാണ് മാത്പിതാ എന്ന അക്ഷരമുള്ളത്. രാധാകൃഷ്ണന്റെ ക്ഷേത്രത്തിൽ ജോഡിയാണ് കാണിക്കുന്നത് എന്നാൽ ഗീതയിൽ കൃഷ്ണനോടൊപ്പം രാധയില്ല. കൃഷ്ണന്റെ മഹിമ വേറെയാണ് സർവ്വഗുണസമ്പന്നൻ, 16 കലാ സമ്പൂർണ്ണൻ... ശിവന്റെ മഹിമ വേറെയാണ്. ശിവന്റെ ആരതിക്കുപോലും എത്ര മഹിമയാണുള്ളത്. അർത്ഥം ഒന്നും മനസ്സിലാക്കുന്നില്ല. പൂജിച്ചു ക്ഷീണിച്ചു. നിങ്ങൾക്കറിയാം മമ്മ– ബാബ നമ്മൾ ബ്രാഹ്മണർ എല്ലാവരേക്കാളും കൂടുതൽ പൂജാരികളായി മാറിയവരാണ്. ഇപ്പോൾ വീണ്ടും ബ്രാഹ്മണരായി മാറി. അതിലും നമ്പർവാറാണ്. കർമ്മഭോഗും

ഉണ്ട്. അത് യോഗത്തിലൂടെ കളയണം. ദേഹാഭിമാനത്തെ മാറ്റണം. ബാബയെ ഓർമ്മിച്ച് സന്തോഷത്തോടെയിരിക്കണം. മാത്പിതാവിൽനിന്നും വളരെ അളവില്ലാത്ത സുഖമാണ് ലഭിക്കുന്നത്. ഈ ബ്രഹ്മാവും പറയുന്നു ബാബയിൽനിന്നാണ് സമ്പത്ത് ലഭിക്കുന്നത്. ബാബ എന്റെ രഥത്തെ ലോണെടുത്തു. ഇപ്പോൾ ബാബ ഈ രഥത്തെ സൽക്കരിക്കുകയാണ്. ആദ്യം മനസ്സിലാക്കിയിട്ടുണ്ടായിരുന്നു – ഞാനീ രഥത്തെ കഴിപ്പിക്കുകയാണ്. ഇതും രഥമാണല്ലോ. ഇപ്പോൾ പറയും കഴിപ്പിക്കുന്ന ആളാണ്. ഈ രഥത്തേയും സംരക്ഷിക്കണം. കുതിരപ്പുറത്ത് വലിയവർ കയറുമ്പോൾ കുതിരക്ക് കഴിക്കാൻ കൊടുക്കും ചിലപ്പോൾ നെറ്റിയിൽ തടവും, നന്നായി പരിപാലിക്കും, കാരണം അതിൽ സവാരി ചെയ്യുന്നതുകൊണ്ട്. ബാബ ഇതിൽ സവാരി ചെയ്യുന്നതുകൊണ്ട് എന്താ ഇതിനെ പരിപാലിക്കണ്ടേ? ബാബ എപ്പോൾ സ്നാനം ചെയ്യുന്നോ അപ്പോൾ മനസ്സിലാക്കും ഞാനും സ്നാനം ചെയ്യുകയാണ്, ബാബയെയും ചെയ്യിപ്പിക്കുകയാണ്, കാരണം ഈ ശരീരത്തെ ബാബ ലോൺ എടുത്തിരിക്കുന്നു. ശിവബാബ പറയുന്നു ഞാൻ നിങ്ങളുടെ ശരീരത്തെ സ്നാനം ചെയ്യിപ്പിക്കുകയാണ് കഴിപ്പിക്കുകയാണ്. ഞാൻ കഴിക്കുന്നില്ല, ശരീരത്തെ കഴിപ്പിക്കുകയാണ്. ബാബ കഴിപ്പിക്കുന്നു, കഴിക്കുന്നില്ല. അങ്ങനെ പല പ്രകാരത്തിലുള്ള ചിന്തനങ്ങൾ നടക്കും – കുളിക്കുന്ന സമയത്തും കറങ്ങുന്ന സമയത്തും ഇത് അനുഭവത്തിന്റെ കാര്യമല്ലേ? ബാബ പറയുകയാണ് – വളരെ ജന്മങ്ങളുടെ അവസാനജന്മത്തിലാണ് ഞാൻ പ്രവേശിക്കുന്നത്. ഈ ബ്രഹ്മാവിനും തന്റെ ജന്മത്തെക്കുറിച്ച് അറിയുന്നില്ല, എനിക്കറിയാം. നിങ്ങൾ പറയും ബാബ വീണ്ടും നമുക്ക് സമ്പത്ത് നേടാനുള്ള നോളേജ് നൽകുകയാണ്. സത്യയുഗത്തിൽ രാജാവും പ്രജയും എല്ലാവരും ഉണ്ട്. ബാബയിൽനിന്നും പൂർണ്ണമായും സമ്പത്ത് എടുക്കാനുള്ള പുരുഷാർത്ഥം ചെയ്യണം. ഇപ്പോൾ എടുക്കുന്നില്ലായെങ്കിൽ കൽപകൽപം നഷ്ടപ്പെടും, ഇത്രയും ഉയർന്ന പദവിയും നേടാൻ സാധിക്കില്ല. ജന്മ ജന്മാന്തരത്തിന്റെ ഭാവിയാണ്. അതിനാൽ എത്ര ശ്രീമത്ത് അനുസരിച്ച് നടക്കണം. കൽപകൽപത്തേക്ക് നിമിത്തമായി മാറുകയാണ്. കൽപകൽപത്തേക്കുള്ള സമ്പത്ത് എടുക്കാൻ വേണ്ടി വന്നിരിക്കുന്നു. കൽപകൽപ്പത്തേക്കുള്ള പഠിപ്പാണ് ഇതിൽ വളരെ ശ്രദ്ധ കൊടുക്കണം. 7 ദിവസത്തിൽ ലക്ഷ്യം മനസ്സിലാക്കി പിന്നെ മുരളി വീട്ടിലിരുന്നും പഠിക്കാൻ സാധിക്കും. വളരെ സഹജമാണ്. ബുദ്ധിയിൽ ഡ്രാമയുടെ ജ്ഞാനമുണ്ടാകണം.

ഇതിനെ വേൾഡ് യൂണിവേഴ്സിറ്റി എന്ന് പറയാം. എവിടെവേണമെങ്കിലും അമേരിക്കയിൽ തന്നെ പോയാലും ബാബയിൽനിന്നുള്ള സമ്പത്ത് എടുക്കാൻ സാധിക്കും. കേവലം ഒരാഴ്ച ധാരണ ചെയ്തിട്ടു പോകൂ. ഭഗവാന്റെ കുട്ടികൾ സഹോദരീ സഹോദരന്മാരാണ്. പ്രജാപിതാ ബ്രഹ്മാവിന് അനേക കുട്ടികളുണ്ട് എല്ലാവരും പരസ്പരം സഹോദരീ സഹോദരന്മാരാണ്. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും പരസ്പരം സഹോദരീസഹോദരന്മാരായിരിക്കൂ എങ്കിൽ പവിത്രമായിട്ടിരിക്കാൻ സാധിക്കും. വളരെ സഹജമാണ്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:–

1) മായാ ചെകുത്താനിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി ജ്ഞാനയോഗത്തിൽ തൽപ്പരരായിരിക്കണം. മോഹമാകുന്ന ഭൂതത്തെ ത്യാഗം ചെയ്ത് ബാബയെ ഷോ ചെയ്യണം. ജ്ഞാനത്തിന്റ ശബ്ദം മുഴക്കിക്കൊണ്ടിരിക്കണം.

2) പഠിപ്പിൽ പൂർണ്ണമായും ശ്രദ്ധ കൊടുത്ത് ബാബയിൽനിന്നുള്ള സമ്പത്ത് നേടണം. കൽപകൽപത്തിലേക്കുള്ള ഈ ഭാവിയെ ഏത് പരിതസ്ഥിതിയിലും നഷ്ടപ്പെടുത്തരുത്.

### വരദാനം:– സമയമനുസരിച്ച് രൂപ–ബസന്ത് അർത്ഥം ജ്ഞാനി അല്ലെങ്കിൽ യോഗീ ആത്മാവാകുന്ന സ്വ ശിക്ഷകരായി ഭവിക്കൂ

ആരാണോ സ്വ ശിക്ഷകരായിട്ടുള്ളത് അവർ ഏത് സമയം ആഗ്രഹിക്കുന്നോ ജ്ഞാനിയാകുന്നു ഏത് സമയമാഗ്രഹിക്കുന്നോ യോഗിയായി തീരുന്നു. രണ്ട് സ്ഥിതിയും സെക്കന്റിൽ ഉണ്ടാക്കാൻ സാധിക്കും. ആകാനാഗ്രഹിക്കുന്നത് സ്വരൂപമാണ് എന്നാൽ ഓർമ്മ വരുന്നത് ജ്ഞാനത്തിന്റെ കാര്യങ്ങളും ഇങ്ങനെയായിരിക്കില്ല. സെക്കന്റിലും കുറഞ്ഞ സമയത്തിൽ ഫുൾസ്റ്റോപ്പ് വരണം. പവർഫുൾ ബ്രേക്കിന്റെ ജോലിയാണോ

എവിടെയിടുന്നോ അവിടെ നിൽക്കണം, ഇതിന് വേണ്ടി അഭ്യസിക്കൂ ഏത് സമയം ഏത് വിധിയോടെ മനസ്സിനേയും-ബുദ്ധിയേയും എവിടെ വയ്ക്കുന്നോ അവിടെ നിൽക്കണം. ഇങ്ങനെയുള്ള കൺട്രോളിംങ് അല്ലെങ്കിൽ റൂളിംങ് പവർ ഉണ്ടായിരിക്കണം.

## സ്ലോഗൻ:- ശാന്തിദൂതർ അവരാണ് ആരാണോ കൊടുങ്കാറ്റടിക്കുന്നവർക്കും ശാന്തിയുടെ ഉപഹാരം നൽകുന്നത്.

### മാതേശ്വരീജിയുടെ മധുര മഹാവാക്യം

**"പരമാത്മാവിനോട് മനുഷ്യാത്മാക്കളുടെ യാചനയും പ്രാപ്തിയും"**

അങ്ങ് മാതാ-പിതാവാണ് ഞങ്ങൾ അങ്ങയുടെ കുട്ടികളാണ് അങ്ങയുടെ കൃപയിലൂടെ അളവില്ലാത്ത സുഖം ലഭിക്കുന്നു..... ഇപ്പോൾ ഈ മഹിമ ആരെക്കുറിച്ച് പാടിയിട്ടുള്ളതാണ്? തീർച്ചയായും പരമാത്മാവിനെ പ്രതി തന്നെ പാടിയിട്ടുള്ളതാണ് എന്തുകൊണ്ടെന്നാൽ പരമാത്മാവ് സ്വയം മാതാ-പിതാവിന്റെ രൂപത്തിൽ വന്ന് ഈ സൃഷ്ടിക്ക് അപാരമായ സുഖം നൽകുന്നു. തീർച്ചയായും പരമാത്മാവ് എപ്പോഴോ സുഖത്തിന്റെ സൃഷ്ടി രചിച്ചിട്ടുണ്ട് അതുകൊണ്ടാണ് മാതാ-പിതാവെന്ന് പറഞ്ഞ് വിളിക്കുന്നത്. എന്നാൽ മനുഷ്യർക്ക് സുഖമെന്നത് എന്ത് വസ്തുവാണ്? ഇതറിയില്ല. എപ്പോഴാണോ ഈ സൃഷ്ടിയിൽ അപാര സുഖമുണ്ടായിരുന്നത് അപ്പോൾ സൃഷ്ടിയിൽ ശാന്തിയുമുണ്ടായിരുന്നു, എന്നാൽ ഇപ്പോൾ ആ സുഖമില്ല. ഇപ്പോൾ ആ സുഖം വേണമെന്ന ആഗ്രഹം അവശ്യം മനുഷ്യർക്ക് വരുന്നുണ്ട്, അതിൽ ചിലർ ധനവും വസ്തുക്കളും യാചിക്കുന്നു, ചിലർ കുട്ടിയെ യാചിക്കുന്നു, ചിലർ പതിവ്രതയായ സ്ത്രീയായിരിക്കണം എന്നതും യാചിക്കാറുണ്ട്, സദാ സുമംഗലിയാകണം, ആഗ്രഹം സുഖത്തിന്റേത് തന്നെയല്ലേ ഉള്ളത്. അപ്പോൾ പരമാത്മാവും ഏതെങ്കിലുമൊരു സമയം അവരുടെ ആഗ്രഹവും അവശ്യം പൂർത്തീകരിക്കും. സത്യയുഗ സമയം എപ്പോഴാണോ സൃഷ്ടിയിൽ സ്വർഗ്ഗമുള്ളത് അപ്പോൾ അവിടെ സദാ സുഖമാണ്, അവിടെ സ്ത്രീ ഒരിക്കലും വിധവയാകില്ല, അപ്പോൾ ആ ആശ സത്യയുഗത്തിൽ പൂർത്തിയാകുന്നു അവിടെ അപാര സുഖമാണുള്ളത്. ബാക്കി ഈ സമയം കലിയുഗം തന്നെയാണ്. ഈ സമയം മനുഷ്യർ അതീവ ദുഃഖമാണ് അനുഭവിക്കുന്നത്. ശരി.